**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1085** **18-09-2025 - ൽ മറുപടിയ്ക്ക്**

**കുഴക്കോട് മൈനർ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുഴക്കോട് പ്രദേശത്ത് മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികാവശ്യത്തിനായി കനാൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ കുഴക്കോട് പ്രദേശത്ത് മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികാവശ്യത്തിനായി കനാൽ നിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ കാർഷികാവശ്യത്തിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് കുഴക്കോട് പ്രദേശത്ത് പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 130 ലക്ഷം രൂപ മൈനർ ഇറിഗേഷൻ ഡിവിഷൻ കോഴിക്കോട് കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ കനാൽ നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാകാത്തത് കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ മറ്റ് നടപടികൾ സ്വീകരിക്കുവാനോ സാധിച്ചിട്ടില്ല.** |
| (ബി) | എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | **ഉത്തരം (എ) പിരവിൽ ചേർത്തിരിക്കുന്നു.** |
| (സി) | പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ